"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-നഗരകാര്യം - മഞ്ചേരി നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീമതി.സിനി.ടി.എൻ -നെതിരെ KCS(CC&A) 1960 ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.861/2026/LSGD തീയതി,തിരുവനന്തപുരം, 06-04-2026

---

പരാമർശം:-

1. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.09.2018 തീയതിയിലെ ഇ15(വിസി.17/2016/എം.പി.എം) 33757/16 നമ്പർ കത്ത്.
2. 29.11.2021 തീയതിയിലെ ഇയു1/215/2020/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 07.01.2024 ,09.09.2025 തീയതികളിലെ LSGD/PD/9702/2023-VIGD3. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതായ വിനോദ നികുതി നൽകാതെ സംസ്ഥാനത്തെ തിയേറ്ററുടമകൾ തട്ടിപ്പ് നടത്തുന്നുവെന്ന പരാതിയിൽ മഞ്ചേരി നഗരസഭയിൽ 29.11.2016 ൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് ശ്രീദേവി സിനിപാലസ്, കൈരളി സിനിമാസ് എന്നീ തീയേറ്ററുകളിലെ കളക്ഷൻ ക്രമക്കേടുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC17/16/MPM നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ടി കേസിലെ അന്വേഷണറിപ്പോർട്ട് പ്രകാരം തിയേറ്റർ ഉടമകൾ കൃത്രിമം നടത്തിയ രേഖകൾ ഹാജരാക്കിയും മഞ്ചേരി നഗരസഭാ ജീവനക്കാർ ടി രേഖകൾ ശരിയാംവിധം പരിശോധിക്കാതെയും തിയേറ്ററുകളിൽ നിന്ന് ലഭിക്കേണ്ടിയിരുന്ന വിനോദനികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതായി അന്വേഷണത്തിൽ തെളിഞ്ഞതായും അതിനാൽ തീയേറ്റർ ഉടമകളായ ശ്രീമതി.സി.എം ആനന്ദവല്ലി, ശ്രീ.പി.വി.ഹരിദാസൻ എന്നിവർക്കെതിരെ ലോക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്യുന്നതിനും ടിയാൻമാരിൽനിന്ന് സർക്കാരിനുണ്ടായ നഷ്ടം തിരിച്ചുപിടിക്കുന്നതിനും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ടി നഗരസഭയിലെ ജീവനക്കാർക്കെതിരെ വകുപ്പ് തല നടപടി കൈക്കൊള്ളുന്നതിന് വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ട് ശിപാർശ ചെയ്തിട്ടുണ്ട്.

2. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 29.11.2016-ൽ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ മഞ്ചേരി നഗരസഭക്ക് 22.07.2016 മുതൽ 28.07.2016 വരെ കൈരളി തീയേറ്ററിൽ നിന്ന് ലഭിക്കേണ്ടിയിരുന്ന 1,83,036.07 രൂപ നികുതിക്ക് പകരം 83,896.62 രൂപയും ശ്രീദേവി സിനി പാലസ് തീയേറ്ററിൽ നിന്ന് 91,797.66 രൂപ നികുതിക്ക് പകരം 78,132.79

രൂപയും മാത്രമേ ലഭിച്ചിട്ടുള്ളവെന്ന് കണ്ടത്തിയിരുന്നു. കൃത്രിമം നടത്തിയ Daily Collection Register നഗരസഭയിൽ സമർപ്പിച്ചാണ് ഇരു തീയേറ്ററുകളുടേയും മാനേജർമാർ നികുതി വെട്ടിപ്പ നടത്തിയിട്ടുള്ളത്. കൈരളി തീയേറ്ററിലെ ടിക്കറ്റ് കളക്ഷൻ പരിശോധിക്കുന്നതിനായി നിയോഗിക്കപ്പെട്ട എൽ.ഡി.ക്ലാർക്ക് ശ്രീ അഭിലാഷ്.എം, ഓഫീസ് അസിസ്റ്റന്റ് ശ്രീ രാജേഷ്; സീനിയർ ക്ലാർക്ക് ശ്രീ അബ്ദുൾ റഷീദ്.എം.കെ എന്നീ ജീവനക്കാരും, ശ്രീദേവി സിനി പാലസ് തീയേറ്ററിലെ ടിക്കറ്റ് കളക്ഷൻ പരിശോധിക്കേണ്ട എൽ.ഡി ക്ലാർക്ക് ശ്രീ ജയപ്രകാശ്.എൻ, ഓഫീസ് അസിസ്റ്റന്റ് ശ്രീ റെക്സൺ ജോസ് എന്നീ ജീവനക്കാരും തീയേറ്ററുകളിലെ ടിക്കറ്റ് കളക്ഷൻ പരിശോധിച്ചിട്ടില്ല. കൂടാതെ തീയേറ്റർ ഉടമകൾ ഹാജരാക്കുന്ന രേഖകൾ പരിശോധിച്ച് ശരിയാണെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തിയിട്ടില്ല. മേൽ ക്രമക്കേടുകൾ നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ മഞ്ചേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. സിനി.ടി.എൻ-ന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിലെ വീഴ്ചയായി കാണുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകത നഗരസഭയിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ ശ്രീമതി.സിനി.ടി.എൻ-ന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ഉത്തരവാദിത്തമില്ലായ്മയും മേൽനോട്ടക്കുറവുമായി കണ്ട്, ശ്രീമതി.സിനി.ടി.എൻ-നെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി KCS(CC&A) ചട്ടങ്ങളിലെ ലഘുശിക്ഷയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ച് 29.11.2021-ൽ പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ, ശ്രീമതി.സിനി ടി.എൻ-സമർപ്പിച്ച 05.12.2022-ലെ എതിർവാദ പത്രികയിൽ 1994-ലെ കേരള മുൻസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ50 (2) പ്രകാരം മഞ്ചേരിനഗരസഭാ സെകട്ടറി എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായിരുന്ന നഗരസഭയുടെ റവന്യൂവിഭാഗത്തെ സംബന്ധിച്ചുള്ള അധികാരങ്ങളും ചുമതലകളും, കർത്തവ്യങ്ങളും ടി നഗരസഭയിലെ റവന്യൂ ഓഫിസർ ആയിരുന്ന ശ്രീമതി.സുധ.ടി.എ യ്ക്ക് ഇ-1/14/08, തിയതി 04/07/2016 പ്രകാരം ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നതായും മേൽ ഡെലിഗേഷൻ ഉത്തരവിന്റെ പിരിവുകൾ 11,12 പ്രകാരം തിയറ്റർ ചെക്കിങ്ങ് കാര്യക്ഷമമാക്കി നികുതി പോർച്ച തടയുക, സിനിമാ ടിക്കറ്റുകൾ ആവശ്യമായ പരിശോധന നടത്തി സീൽ ചെയ്യുന്നതിന് അനുവാദം നൽകുക എന്നീ ജോലികൾ റവന്യൂ ഓഫിസറിൽ നിക്ഷിപ്തമായിരുന്നുവെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. കുറ്റാരോപണ മെമ്മോയിൽ ചൂണ്ടികാണിച്ചിട്ടുളള ദിവസങ്ങളിലോ അല്ലാത്ത സമയങ്ങളിലോ നികുതി ചോർച്ച ഉണ്ടായിട്ടുളളതായി തീയേറ്റർ ചെക്കിങ്ങിന് നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥരോ ആയതിനു മേൽ നോട്ടം വഹിച്ചിരുന്ന റവന്യൂ ഓഫീസറോ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലാണ് മേൽ വിഷയത്തിൽ നടപടികളൊന്നും എടുക്കുവാൻ സാധിക്കാതിരുന്നതെന്നും 55 സ്ക്വയർ കി.മീ.ചുറ്റളവിൽ പരന്നു കിടക്കുന്ന 50 വാർഡുകളുള്ള ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമാണ് മഞ്ചേരി നഗരസഭയെന്നും ടി നഗരസഭയിൽ സെക്രട്ടറി എന്ന നിലയിൽ ധാരാളം ജോലികൾ ഒരേ സമയം നോക്കി നടത്തേണ്ടതായിട്ടുണ്ടായിരുന്നുവെന്നും ആയതിനാൽ തീയേറ്റർ ചെക്കിങ്ങിന്റെ കാര്യത്തിൽ നേരിട്ട് ഇടപെടുവാൻ സാധിച്ചിരുന്നില്ലെന്നും എന്നിരുന്നാലും, മുനിസിപ്പാലിറ്റി നിയമമനുസരിച്ച് മേൽ കടമകളും, കർത്തവ്യങ്ങളും റവന്യൂ ഓഫീസർക്ക് കൃത്യമായി ഡെലിഗേറ്റ് ചെയ്ത് കൊടുക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടി വിഷയത്തിൽ മനപ്പൂർവ്വമായ യാതൊരു വീഴ്ചയും ടിയാളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലാത്തതുമാണെന്നും

മുനിസിപ്പൽ സെക്രട്ടറി എന്ന നിലയിൽ അധികം പ്രവൃത്തി പരിചയം ഇല്ലാതിരുന്ന സമയത്തുണ്ടായ മേൽ വീഴ്ച സദയം മാപ്പാക്കി അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് ശ്രീമതി.സിനി.ടി.എൻ-പ്രതിവാദപത്രികയിൽ അഭ്യർത്ഥിക്കുകയുണ്ടായി.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.09.2025-ലെ പരാമർശം (3) കത്തിൽ മഞ്ചേരി നഗരസഭ കാര്യാലയത്തിലെ 04/07/2016 ലെ ഇ-14/08 ഡെലിഗേഷൻ ഉത്തരവ് പരിശോധിച്ചതിൽ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 50(2) പ്രകാരം ശ്രീമതി.സിനി.ടി..എൻ. മഞ്ചേരി മുനിസിപ്പൽ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും മഞ്ചേരി നഗരസഭയിലെ റവന്യൂ ഓഫീസറായ ശ്രീമതി ടി. എ. സുധയ്ക്ക് 04-07-2016 പ്രാബല്യം നൽകി കൊണ്ട് ഡെലഗേറ്റ് ചെയ്തു ഉത്തരവായിട്ടുള്ളതായും, ആയതിൽ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് നഗരസഭാ സെക്രട്ടറിയുടെ എല്ലാ അവകാശങ്ങളും അധികാരശക്തിയും ഉണ്ടായിരിക്കുമെന്നും ചുമതലകളും കർത്തവ്യങ്ങളും അധികാരശക്തിയും വിനിയോഗിക്കുന്നതിൽ നിന്നും ഉൽഭവിക്കുന്ന എല്ലാ ബാദ്ധ്യതകൾക്കും, വിനിയോഗിക്കാതെ വരുത്തുന്ന വീഴ്ചകൾക്കും വിനിയോഗിക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിനും ബന്ധപ്പെട്ട അനുബന്ധ ചട്ടങ്ങൾ പ്രകാരവും മുനിസിപ്പാലിറ്റിസ് ആക്ട് സെക്ഷൻ 50(3) പ്രകാരവും ടിയാൾ ഉത്തരവാദി ആയിരിക്കുമെന്ന് പ്രതിപാദിച്ചിട്ടുള്ളതായും 22.07.2016 മുതൽ 28.07.2016 വരെയുള്ള കാലയളവിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ 04/07/2016 ലെ ഡെലിഗേഷൻ ഉത്തരവ് പ്രകാരം തീയറ്റർ പരിശോധനകളുടെ ചുമതല നൽകിയിരുന്ന ശ്രീമതി.സുധ.ടി.എ എന്നവർ 23-07-2016 പൂർവ്വാഹ്നത്തിൽ മഞ്ചേരി നഗരസഭയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച് പാലക്കാട് നഗരസഭയിലേക്ക് വിടുതൽ ചെയ്യുകയും വിടുതൽ ചെയ്തുകൊണ്ടുള്ള ഉത്തരവിൽ ശ്രീമതി സുധ നിർവ്വഹിച്ചിരുന്ന ചുമതലകൾ താൽക്കാലികമായി ജനറൽ സെക്ഷൻ സൂപ്രണ്ട് ശ്രീ. ശ്രീകുമാർ എന്നവർക്ക് നൽകുകയും എന്നാൽ ചുമതലകൾ പ്രത്യേകമായി ഡെലിഗേറ്റ് ചെയ്ത് ഉത്തരവാക്കിയത് കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 22.07.2016 മുതൽ 28.07.2016 വരെയുള്ള കാലയളവിലെ ശ്രീദേവി സിനി പാലസ്, കൈരളി തിയറ്ററുകളുടെ പ്രതിദിന കളക്ഷനുകളിൽ വന്ന നഷ്ട തുകയായ 1,12,798.86 രൂ. റെസിപ്റ്റ് നമ്പർ R-M100300-25009504, R-M100300-25009534 : 12-06-2025 പ്രകാരം ഒടുക്കിയിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. മുനിസിപ്പാലിറ്റിക്കുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കപ്പെട്ടിട്ടുള്ളതിനാലും 55 ച.കി.മീ വിസ്തീർണ്ണമുള്ള 50 വാർഡുകളുള്ള ജില്ലയിലെ തിരക്കേറിയ മുനിസിപ്പാലിറ്റികളിലൊന്നാണ് മഞ്ചേരി മുനിസിപ്പാലിറ്റിയെന്നതിനാലും, ഡെലിഗേഷൻ ഉത്തരവ് നൽകിയാലും മുനിസിപ്പൽ സെക്രട്ടറിയെന്ന നിലയിൽ സൂപ്പർ ചെക്കിംഗിന് കഴിയാറില്ലായെന്ന് മനസ്സിലാകുന്നതിനാലും ഇത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുണ്ടായ മനപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി കണക്കാക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

5. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത VC17/16/MPM നമ്പർ കേസിൽ, Prevention of Corruption Act പ്രകാരമുള്ള കുറ്റം ഉണ്ടായതായി കരുതാൻ കഴിയുന്നില്ലെന്നും ഏതെങ്കിലും കുറ്റം നടന്നതായി വ്യക്തമാക്കുന്ന തെളിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ, തെളിവുകൾ ഇല്ലാത്ത വെറും ആരോപണങ്ങൾ മാത്രം ഒരു പൊതുജന സേവകനെയോ ഉദ്യോഗസ്ഥനെയോ Prevention of Corruption Act പ്രകാരമുള്ള കുറ്റങ്ങൾക്ക് വിചാരണ ചെയ്യുന്നതിനായി മതിയായതല്ലെന്നും ആയതിനാൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച final

report സ്വീകരിച്ച് തുടർനടപടികൾ അവസാനിപ്പിച്ചതായാണ് 26.04.2019 -ൽ ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട് ഉത്തരവായിട്ടുള്ളതാണ്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, മഞ്ചേരി നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീമതി.സിനി.ടി..എൻ -നെതിരെ 1960 ലെ KCS(CC&A) ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടായാൽ ആയത് ഗൗരവത്തോടെ വീക്ഷിച്ച് കർശന നടപടി സ്വീകരിക്കുന്നതാണെന്ന "ശാസന"യോടെ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ,വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
(ഇ15(വിസി17/2016/എം.പി.എം) )33757/16)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),കേരള ,തൃശ്ശൂർ
ഡയറക്ടർ,കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്,തിരുവനന്തപുരം
ശ്രീമതി.സിനി.ടി.എൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-04-2026 14:33:19
സെക്ഷൻ ഓഫീസർ